ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ

20 (2221) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. ജോസഫ് വാഴയ്ക്കൻ :

ശ്രീ. ആർ. സെൽവരാജ് :

ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്ക് പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി)
- ഊർജ്ജ മേഖലയെപ്പറ്റിയും ഊർജ്ജ സംരക്ഷണത്തെപ്പറ്റിയും വിശദമായ അറിവ് പൊതുജനങ്ങളിൽ എത്തിക്കുക
- വ്യവസായ സ്ഥാപനങ്ങളിലെ ഊർജ്ജകാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഊർജ്ജ ആഡിറ്റ് നടപ്പിലാക്കുക
- വ്യവസായ സ്ഥാപനങ്ങളിലെ സാങ്കേതിക വിദഗ്ദർക്ക് ഊർജ്ജ കാര്യക്ഷമതയെക്കുറിച്ച് അറിവ് നൽകുക
- ഊർജ്ജ സംരക്ഷണത്തിന്റെ പ്രാധാന്യവും ആവശ്യകതയും ജനങ്ങളിൽ എത്തിക്കുക
- ഊർജ്ജമേഖലയിലെ പുതിയ സാങ്കേതിക വിദ്യകളെപ്പറ്റി ജനങ്ങളെ ബോധവാന്മാരാക്കുക
- ഊർജ്ജത്തിന്റെ ദുരുപയോഗം കുറയ്ക്കുന്ന വിഷയത്തിൽ ജനങ്ങൾക്ക് അവബോധം നൽകുക.

(സി) എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി.) മുഖാന്തരം ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്കായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്:

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

- വിദ്യാർത്ഥികളിൽ ഊർജ്ജസംരക്ഷണ ബോധവൽക്കരണം നടത്തുന്നതിന് സ്മാർട്ട് എനർജി പ്രോഗ്രാം (SEP) എന്ന പേരിൽ പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാന തലത്തിൽ വിദ്യാർത്ഥികൾക്കായി എനർജി കോൺഗ്രസ്സ് നടത്തിവരുന്നു

- പൊതുജനങ്ങളിൽ ഊർജ്ജ സംരക്ഷണ അവബോധം വളർത്തുന്നതിലേയ്ക്കായി "ഊർജ്ജകിരൺ" എന്ന പേരിൽ എല്ലാ നിയോജകമണ്ഡലങ്ങളിലും കുറഞ്ഞത് ഒരു ബോധവൽക്കരണ പരിപാടി എന്ന തോതിൽ 193 പരിപാടികൾ കേരളമൊട്ടാകെ, കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട എൻ.ജി.ഒ.കൾ (152 എണ്ണം) വഴി നടത്തിവരുന്നു

- ഗാർഹിക ഊർജ്ജ ഉപഭോക്താക്കൾക്ക് ഊർജ്ജ സംരക്ഷണ ബോധവൽക്കരണം നൽകുന്നതിന് എനർജി ക്ലിനിക് വോളണ്ടിയർമാരായി സ്ത്രീകളെ വീടുകൾതോറും ഊർജ്ജ സംരക്ഷണ ക്ലാസ്സുകൾ നടത്തുന്നതിനും ലഘുലേഖകൾ വിതരണം ചെയ്യുന്നതിനും ചുമതലപ്പെടുത്തി

- പൊതുജനങ്ങൾക്ക് ഊർജ്ജ സംരക്ഷണ ബോധവൽക്കരണം നടത്തുന്നതിലേയ്ക്കായി വിവിധ എക്സിബിഷനുകൾ, ലഘുലേഖാ വിതരണം എന്നിവ നടത്തിവരുന്നു

- കേരളത്തിലെ എഞ്ചിനീയറിംഗ് പോളിടെക്നിക്, ഐ.റ്റി.ഐ. മുതലായ സ്ഥാപനങ്ങളിൽ ഊർജ്ജ സംരക്ഷണ എക്സിബിഷനുകൾ, മത്സരങ്ങൾ, പരിശീലന പരിപാടികൾ തുടങ്ങിയവ നടത്തുകയുണ്ടായി

- ആൾ ഇന്ത്യ റേഡിയോയിലെ "ഹലോ ആകാശവാണി" എന്ന പരിപാടിയിലൂടെ പൊതുജനങ്ങളുടെ ഊർജ്ജ സംരക്ഷണ സംബന്ധമായ സംശയങ്ങൾക്ക് മറുപടി നൽകി

- ഹോം എനർജി ഓഡിറ്റിംഗ് എന്ന പേരിൽ വീടുകളിലെ ഊർജ്ജ ഉപഭോഗം മനസ്സിലാക്കുന്നതിലേയ്ക്കായി ഒരു പുതിയ പദ്ധതി ആവിഷ്കരിച്ചു

- സംസ്ഥാനത്തെ വായനശാലകൾ വഴിയുള്ള ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി വായനശാലകളിൽ ഊർജ്ജ സംരക്ഷണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നുണ്ട്

- സംസ്ഥാനത്തെ ലൈസൻസുള്ള ഇലക്ട്രിക്കൽ കോൺട്രാക്ടർമാർക്കും വയർമാൻമാർക്കുംവേണ്ടി ജില്ലാതലത്തിൽ ഊർജ്ജ സംരക്ഷണ ശില്പശാലകൾ നടത്തുകയുണ്ടായി

- അദ്ധ്യാപകർക്കായി ഇ.എം.സി. ഊർജ്ജ സംബന്ധമായ സർട്ടിഫിക്കറ്റ് കോഴ്സുകൾ ആസൂത്രണം ചെയ്യുന്നുണ്ട്

- ദേശീയ ഊർജ്ജ സംരക്ഷണ ദിനമായ ഡിസംബർ 14-ന് എല്ലാ സർക്കാർ സ്ഥാപനങ്ങളിലും വിദ്യാലയങ്ങളിലും ഊർജ്ജ സംരക്ഷണ പ്രതിജ്ഞയെടുക്കുവാൻ തീരുമാനിച്ചിട്ടുണ്ട്

- വിദ്യാർത്ഥികൾക്ക് ഊർജ്ജ സംരക്ഷണ മേഖലയുമായി ബന്ധപ്പെട്ട് പുതുതായി എന്തെങ്കിലും കണ്ടുപിടിത്തങ്ങൾ നടത്തുവാനായി സാമ്പത്തികവും സാങ്കേതികവുമായ സഹായം ഇ.എം.സി. മുഖേന നൽകിവരുന്നു. ഇതിനുപുറമെ വിദ്യാർത്ഥികൾ മുന്നോട്ടുവയ്ക്കുന്ന പുതിയ ആശയങ്ങൾ വികസിപ്പിച്ച് എടുക്കുന്നതിന് സാങ്കേതിക വിദഗ്ദരടങ്ങുന്ന ഒരു ഇൻകുബേഷൻ സെന്റർ ഇ.എം.സി.-യിൽ പ്രവർത്തിക്കുന്നു

- അദ്ധ്യാപകർക്കും ഊർജ്ജ മേഖലയുമായി ബന്ധപ്പെട്ട് നിൽക്കുന്ന മറ്റ് വ്യക്തികൾക്കും ഊർജ്ജ മേഖലയിൽ ഗവേഷണം നടത്തുവാൻ സഹായം നൽകിവരുന്നു

- ഊർജ്ജ സംബന്ധമായ പരിശീലന പരിപാടികൾ നടത്തുന്നതിനായി കേരളത്തിലുടനീളം 125 റിസോഴ്സ് പേഴ്സൺസിനെ പരിശീലനം നൽകി തയ്യാറാക്കിയിട്ടുണ്ട്

- സാങ്കേതിക വിദ്യഭ്യാസമേഖലയിലെ കുട്ടികൾക്കായി ഊർജ്ജ സംബന്ധമായ പരിശീലനം നൽകാൻവേണ്ടി സാങ്കേതിക വിദഗ്ദരെ പരിശീലനം നൽകി തയ്യാറാക്കിയിട്ടുണ്ട്

- 2015-ൽ കേരളത്തിൽ നടന്ന ദേശീയ ഗെയിംസിൽ കുട്ടികൾക്കിടയിൽ ഊർജ്ജ അവബോധം വർദ്ധിപ്പിക്കുന്നതിലേക്കായി 'മിന്നു' (തേനീച്ചയുടെ രൂപം) അവതരിപ്പിക്കുകയുണ്ടായി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

- ഹൈടെൻഷൻ, എക്സ്ട്രാ ഹൈടെൻഷൻ, ഹൈറൈസ് ബിൽഡിംഗുകൾ എന്നിവയ്ക്ക് ഊർജ്ജ ഓഡിറ്റ് നിർബന്ധമാക്കുകയും ഓഡിറ്റ് ഫലപ്രദമായി നടപ്പിലാക്കുന്നതിന് 30 എനർജി ഓഡിറ്റ് സ്ഥാപനങ്ങളെ എംപാനൽ ചെയ്ത് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിലുള്ള സ്ഥാപനങ്ങളുടെ സേവനങ്ങൾ പ്രയോജനപ്പെടുത്തി വ്യവസായങ്ങൾ ഉൾപ്പെടെ 117 സ്ഥാപനങ്ങൾ ഓഡിറ്റ് നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്
- പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഊർജ്ജ ഓഡിറ്റ് നടപ്പിലാക്കുന്നതിന് പരമാവധി 50,000 രൂപവരെ സബ്സിഡി നൽകുന്ന പരിപാടി ആരംഭിച്ചിട്ടുണ്ട്
- ചെറുകിട-ഇടത്തരം വ്യവസായങ്ങളിലെ സ്റ്റീൽ റീ റോളിംഗ്, റൈസ് മിൽ, ക്രമ്പ് റബ്ബർ, പ്ലൈവുഡ്, കയർ എന്നീ സെക്ടറുകളിൽ 21 വ്യവസായ യൂണിറ്റുകളിൽ ഊർജ്ജ കാര്യക്ഷമതാ പഠനങ്ങൾ നടത്തുകയുണ്ടായി
- തെരുവ് വിളക്കുകൾ ഊർജ്ജ കാര്യക്ഷമമാക്കുന്നതിന് മാതൃകാ പദ്ധതിയായി കേരളത്തിലെ എല്ലാ മുനിസ്സിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും 100 വീതം എൽ.ഇ.ഡി. തെരുവു വിളക്കുകൾ സൂര്യോദയ-അസ്തമയ സമയക്രമമനുസരിച്ച് ഓൺ/ഓഫ് സംവിധാനത്തോടെ സ്ഥാപിച്ചു
- സർക്കാർ കെട്ടിടങ്ങളിൽ ഇൻവെസ്റ്റ്മെന്റ് ഗ്രേഡ് എനർജി ഓഡിറ്റ് നടത്തുകയും റിപ്പോർട്ടുകൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി സെക്രട്ടേറിയറ്റ്, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് കളക്ടറേറ്റുകൾ, ഹൈക്കോടതി ബിൽഡിംഗ്, വികാസ് ഭവൻ എന്നിവിടങ്ങളിൽ പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ വിംഗുമായി ചേർന്ന് ഊർജ്ജ കാര്യക്ഷമത കുറഞ്ഞ ഉപകരണങ്ങൾ മാറ്റി കാര്യക്ഷമത കൂടിയവ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. സൗരോർജ്ജ പാനൽ, ഊർജ്ജ കാര്യക്ഷമതാ ലൈറ്റുകൾ എന്നിവ സ്ഥാപിച്ചതിലൂടെ 8 ലക്ഷം യൂണിറ്റ് വൈദ്യുതി ലാഭിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. 6 കളക്ടറേറ്റുകളിൽ ഓഡിറ്റ് നടത്തുന്നതിന് നടപടി പൂർത്തിയായിട്ടുണ്ട്

- സംസ്ഥാന സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള 4 വ്യവസായശാലകളിൽ ഊർജ്ജ ഓഡിറ്റ് നടത്തി

- കേരളത്തിലെ പൊതുജന വായനശാലകൾ/ഗ്രന്ഥശാലകൾ എന്നിവയിലൂടെ ഊർജ്ജ സംക്ഷണ പ്രചാരണ പരിപാടികൾ നടത്തുന്നതിന്റെ ഭാഗമായി ജില്ലാ ലൈബ്രറി കൗൺസിലുമായി ചേർന്ന് ലൈബ്രറി ഭാരവാഹികൾക്ക് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു

- പരവൂർ നിയോജകമണ്ഡലം സമ്പൂർണ്ണ ഊർജ്ജ കാര്യക്ഷമത നിയോജകമണ്ഡലമാക്കുന്നതിന്റെ ഭാഗമായി വിവിധ സംഘടനകളുമായി ചേർന്ന് വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് ബോധവൽക്കരണ ക്ലാസ്സുകളും സർവ്വേകളും നടത്തിവരുന്നു

- ആലപ്പുഴ ജില്ലയിലെ പെരുമ്പളം ഗ്രാമപഞ്ചായത്ത് മാതൃകാ ഊർജ്ജ കാര്യക്ഷമതാ പഞ്ചായത്താക്കുന്നതിനുവേണ്ടി സംസ്ഥാന ആസൂത്രണ ബോർഡുമായി ചേർന്ന് പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്

- ഊർജ്ജ സംരക്ഷണ വിവരവിജ്ഞാന വ്യാപനത്തിനായി ടോൾ ഫ്രീ നമ്പരോടുകൂടി എനർജി ഇൻഫർമേഷൻ ബ്യൂറോ ആരംഭിച്ചു. ഇതിന്റെ ഭാഗമായി ഊർജ്ജ സംരക്ഷണം, ഊർജ്ജ സംരക്ഷണ നിയമം എന്നിവയെപ്പറ്റി അറിവ് നൽകുന്നതിനാവശ്യമായ ലഘു ലേഖകൾ, കൈപ്പുസ്തകങ്ങൾ, പോസ്റ്ററുകൾ, സ്റ്റിക്കറുകൾ എന്നിവ അച്ചടിച്ച് വിതരണം ചെയ്തുവരുന്നു

- ഊർജ്ജ സംരക്ഷണത്തിന്റെ ഭാഗമായി കെ.എസ്.ഇ.ബി. ലിമിറ്റഡ് നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. <u>ഊർജ്ജ സംരക്ഷണ വിഭാഗം (എസ്കോട്ട്)</u>- "എനർജി കോർഡിനേഷൻ ടീം" എന്ന ഒരു വിഭാഗം രൂപീകരിച്ചു

2. എനർജി <u>ഓഡിറ്റിംഗ്</u> - ഉപഭോക്താക്കളുടെ സ്ഥലത്ത് എനർജി ഓഡിറ്റ് നടത്തി അവർക്ക് വേണ്ട ഉപദേശങ്ങളും നിർദ്ദേശങ്ങളും നൽകിവരുന്നു

3. <u>ഡിമാന്റ് സൈഡ് മാനേജ്മെന്റ് സെല്ലുകൾ (DSM cells)</u>- കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സബ്ഡിവിഷനുകൾ കേന്ദ്രീകരിച്ച് എല്ലാ വിഭാഗം ഉപഭോക്താക്കൾക്കിടയിൽ ബോധവൽക്കരണം നടത്തിവരുന്നു

LIBRARY ARCHIVES Kerala Legislative Assembly

4. വൈദ്യുതി സ്വയം പര്യാപ്തത - മലപ്പുറം ജില്ലയിലെ എല്ലാ ഗാർഹിക ഉപഭോക്താക്കൾക്കിടയിലും ഊർജ്ജ സംരക്ഷണ ബോധവൽക്കരണ പ്രവർത്തനങ്ങൾ നാഷണൽ സർവ്വീസ് സ്കീമുമായി സഹകരിച്ച് നടത്തിവരുന്നു

5. ബോധവൽക്കരണ ക്ലാസ്സുകൾ- വിദ്യാഭ്യാസ സ്ഥാപനങ്ങളിലും കാർഷിക വ്യവസായിക സ്ഥാപനങ്ങളിലും സർക്കാർ സ്ഥാപനങ്ങളിലും റസിഡൻഷ്യൽ അസോസിയേഷൻ മുഖേനയും ഊർജ്ജ സംരക്ഷണ ബോധവൽക്കരണം നടത്തിവരുന്നു

6. ഐസ് പ്ലാന്റുകളിൽ ഊർജ്ജ സംരക്ഷണം - ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി ഐസ് പ്ലാന്റുകളിൽ ഐസ് ബ്ലോക്ക് ഉണ്ടാക്കുന്നതിനുള്ള വൈദ്യുതിയുടെ ചെലവ് ഉദ്ദേശം 50 ശതമാനം കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്

7. കാർഷിക മേഖലയിൽ ഊർജ്ജ സംരക്ഷണം - കാർഷിക മേഖലയിൽ പുതുതായി സ്ഥാപിക്കുന്ന ഊർജ്ജക്ഷമതയുള്ള പമ്പിംഗ് സംവിധാനങ്ങളിലൂടെ വൻതോതിൽ ഊർജ്ജം സംരക്ഷിക്കാൻ കഴിഞ്ഞിട്ടുണ്ട്

8. സർക്കാർ ആശുപത്രിയിലെ ഊർജ്ജ സംരക്ഷണം - സർക്കാർ ആശുപത്രികളിൽ ഊർജ്ജക്ഷമത കൂടിയ ലൈറ്റുകളും ഫാനുകളും സ്ഥാപിക്കുന്നതുവഴി ഊർജ്ജ സംരക്ഷണം നടത്തുന്നുണ്ട്

9. വൈദ്യുതി വിതരണ നഷ്ടം കുറയ്ക്കൽ - വൈദ്യുതി വിതരണ നഷ്ടം കുറയ്ക്കുന്നതിനായി ഹൈ വോൾട്ടേജ് ഡിസ്ട്രിബ്യൂഷൻ പദ്ധതി നടപ്പാക്കുന്നതിനുള്ള പഠനം നടന്നുവരികയാണ്.

ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ

21 (2222) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്കു മുൻതൂക്കം നൽകുന്നതിനായി 2014-15 സാമ്പത്തികവർഷത്തിലെ സംസ്ഥാന ബജറ്റിൽ 1.05 കോടി രൂപ വകയിരുത്തി വിനിയോഗിച്ചു നടപ്പിലാക്കിയ പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള എല്ലാ വിശദാംശങ്ങളും ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly